പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ :49 24.01.2018 ലെ മറുപടിക്ക്

## ചകിരിച്ചോർ കയറ്റുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീ. കെ. രാജൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായത്തിലെ ഉപോല്പന്നമായ ചകിരിച്ചോർ, കയറ്റുമതി മൂല്യമുള്ളതായി മാറിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) കയർ വ്യവസായത്തിലെ ഉപോല്പന്നമായ ചകിരിച്ചോർ കയറ്റുമതി മൂല്യമുള്ളതാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ചകിരിച്ചോറിൽ ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി കൂടുതലായതിനാൽ അവ കയറ്റുമതി യോഗ്യമാക്കാൻ കഴുകി ഉണക്കി കംപ്രസ് ചെയ്തതിന് ശേഷം മാത്രമേ കയറ്റി അയക്കാൻ സാധിക്കുകയുള്ളൂ. |
| ബി) ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചകിരിച്ചോർ ഉപയോഗിക്കുന്നതെന്നറിയിക്കുമോ; | ബി) ചകിരിച്ചോർ സോയിൽ ലെസ് മീഡിയ ആയി കൃഷി ചെയ്യാനും നഴ്സറിയിൽ പോട്ടിംഗ് മിക്സ്ചർ ആയും സോയിൽ കണ്ടീഷണർ ആയും ഉപയോഗിക്കാം. ഇത് പൗൾട്രി ഫാമിൽ ലിറ്ററായും ഉപയോഗിച്ച് വരുന്നു. ചെരുപ്പുകളിൽ ഫില്ലർ മെറ്റീരിയൽ ആയും ഇൻസുലേഷൻ മെറ്റീരിയൽ ആയും ചകിരിച്ചോർ ഉപയോഗിച്ചുവരുന്നു. വെള്ളം കൂടുതലായി ആഗിരണം ചെയ്യുന്നതുകൊണ്ട് ചകിരിച്ചോർ കൃഷിആവശ്യങ്ങൾക്ക് ഉപയോഗിക്കുമ്പോൾ ജലസേചനം വളരെ കുറച്ചു മതിയാകുന്നതാണ്. |
| സി) ചകിരിച്ചോർ കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണെന്നും സാധ്യതകൾ എത്രത്തോളമാണെന്നും വിശദമാക്കുമോ? | സി) ചകിരിച്ചോർ കയറ്റുമതിയിൽ തമിഴ് നാടിന്റെ പിന്നിലായി രണ്ടാം സ്ഥാനത്താണ് കേരളം. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ചകിരിച്ചോറിൽ ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി വാല്യൂ കൂടുതലാണ്. അത് ശുദ്ധ ജലത്തിൽ കഴുകി ഉണക്കി കംപ്രസ് ചെയ്ത് മാത്രമേ കയറ്റി അയയ്ക്കാൻ സാധിക്കുകയുള്ളൂ. ഇവ കഴുകി ഉണക്കുന്നത് പരിസ്ഥിതി മലിനീകരണ പ്രശ്നം ഉണ്ടാകുന്നതോടൊപ്പം ചെലവേറിയതുമായതിനാൽ ആണ് കേരളത്തിൽ നിന്നുള്ള കയറ്റുമതി കുറഞ്ഞിരിക്കുന്നത്. കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചകിരിച്ചോർ ഇവിടെ ആഭ്യന്തര വിപണിയിൽ കൃഷി ആവശ്യങ്ങൾക്കായി കമ്പോസ്റ്റ് ചെയ്ത് ഉപയോഗിച്ചുവരുന്നു. വിദേശ രാജ്യങ്ങളിലേയ്ക്കുള്ള ചകിരിച്ചോർ കയറ്റുമതിയുടെ സാധ്യത വലുതാണെങ്കിലും ചകിരിച്ചോറിന്റെ ആഭ്യന്തര |

| | |
|---|---|
| | വിപണി വളരെ വിപുലമായതിനാലും ചകിരിച്ചോർ ഉൽപാദനം കേരളത്തിൽ ആനുപാതികമായി കുറവായതിനാലും കേരളത്തിലെ ചകിരിച്ചോറ് ആഭ്യന്തര വിപണിയിൽ തന്നെ വിറ്റഴിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ